


# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

## 2025-26

## ജി.എച്ച്.എസ്.എസ്. ചവറ

# ആമുഖം

കൊല്ലം വിദ്യാഭ്യാസ ജില്ലയിൽ ചവറ സബ്ബ് ജില്ലയിൽ സ്ഥിതി ചെയ്യുന്ന വളരെ പ്രസിദ്ധമായ ഒരു *വിദ്യാലയമാണ്* *ജി.എച്ച്.എസ്. എസ്, ചവറ*. സംസ്കൃതം സ്കൂളായി ആരംഭിച്ച് പിന്നീട് മലയാളം, ഇംഗ്ലീഷ് മീഡിയം സ്കൂളായിമാറി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് *ശ്രീ.ശങ്കരൻ തമ്പി* മുൻകൈയെടുത്ത് സ്ഥാപിച്ച *ചവറ ഗവ.ഹൈസ്കൂൾ കരുനാഗപ്പള്ളി*, കുന്നത്തൂർ താലൂക്കുകളിലെ *ഏക* ഹൈസ്കൂൾ ആയിരുന്നു.

ഒ.എൻ.വിയുടെ പാദമുദ്രകൾ പതിഞ്ഞ ഈ വിദ്യാലയം
പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികച്ചവിജയം
കരസ്ഥമാക്കി മുന്നേറുകയാണ്. അഞ്ച് തലമുറകൾക്ക്
അക്ഷരവെളിച്ചം പകർന്നു നൽകി ഇന്നും ജൈത്ര യാത്ര
തുടരുന്ന നമ്മുടെ  ഈ വിദ്യാലയം അറിവിന്റെ
വിഹായസ്സിൽ ജ്വലിച്ചു നിൽക്കുന്നു...

# സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)
## വിദ്യാർത്ഥികളുടെ അംഗസംഖ്യ
## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| റവന്യൂ ജില്ലയുടെ പേര് : Kollam | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | GHSS CHAVARA |
| 2 | വിലാസം | Sankaramangalam |
| 3 | ഫോൺ നമ്പർ | 04762680095 |
| 4 | ഇ-മെയിൽ വിലാസം | 41012chavara@gmail.com |
| 5 | സ്കൂൾ കോഡ് | 41012 |
| 6 | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ് /അൺഎയിഡഡ് | Government |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ് ) | ആരംഭം: 5 അവസാനം: 12 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര ് | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Chavara |
| 11 | വിദ്യാഭ്യാസ ജില്ല | Kollam |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1909 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Chavara |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Kollam |
| 15 | റൂറൽ/അർബൻ | Rural |
| 16 | ബ്ലോക്ക് | Chavara |
| 17 | താലൂക്ക് | Karunagappally |
| 18 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Panmana |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ് , ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

(മറുപുറം )

2025-2026

| ആറാം അദ്ധ്യയനദിനം 10 ജൂൺ 2025 | | | | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | | | | | |
| **STD** | **No of Divisions** | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലിം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ . ബി .സി | | | മറ്റുള്ളവ | | | എ. പി. ൽ | | | ബി. പി. ൽ | | |
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **5** | 3 | 35 | 47 | 82 | 10 | 8 | 18 | 0 | 0 | 0 | 2 | 6 | 8 | 0 | 8 | 8 | 17 | 18 | 35 | 6 | 7 | 13 | 14 | 22 | 36 | 21 | 25 | 46 |
| **6** | 3 | 49 | 43 | 92 | 5 | 3 | 8 | 0 | 0 | 0 | 10 | 7 | 17 | 6 | 4 | 10 | 20 | 19 | 39 | 8 | 10 | 18 | 20 | 23 | 43 | 29 | 20 | 49 |
| **7** | 4 | 54 | 53 | 107 | 6 | 5 | 11 | 0 | 0 | 0 | 7 | 11 | 18 | 17 | 10 | 27 | 15 | 20 | 35 | 9 | 7 | 16 | 33 | 23 | 56 | 21 | 30 | 51 |
| **8** | 7 | 114 | 117 | 231 | 13 | 13 | 26 | 0 | 0 | 0 | 24 | 26 | 50 | 23 | 15 | 38 | 37 | 39 | 76 | 17 | 24 | 41 | 58 | 59 | 117 | 56 | 58 | 114 |
| **9** | 7 | 154 | 124 | 278 | 16 | 17 | 33 | 0 | 0 | 0 | 28 | 17 | 45 | 26 | 14 | 40 | 49 | 48 | 97 | 35 | 28 | 63 | 70 | 71 | 141 | 84 | 53 | 137 |
| **10** | 7 | 159 | 145 | 304 | 23 | 22 | 45 | 0 | 0 | 0 | 38 | 31 | 69 | 13 | 24 | 37 | 59 | 44 | 103 | 26 | 24 | 50 | 71 | 79 | 150 | 88 | 66 | 154 |
| ആകെ | | 565 | 529 | **1094** | 73 | 68 | 141 | 0 | 0 | 0 | 109 | 98 | 207 | 85 | 75 | 160 | 197 | 188 | 385 | 101 | 100 | 201 | 266 | 277 | 543 | 299 | 252 | 551 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ് , സിക്ക് , ബുദ്ധിസ്റ്റ് , സൊരാഷ്ട്രിയൻസ് (പാഴ്സി )

| മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **5** | 1 | 0 | 1 | 34 | 47 | 81 | 0 | 0 | 0 | 0 | 0 | 0 | 35 | 47 | 82 |
| **6** | 1 | 0 | 1 | 48 | 43 | 91 | 0 | 0 | 0 | 0 | 0 | 0 | 49 | 43 | 92 |
| **7** | 2 | 0 | 2 | 52 | 53 | 105 | 0 | 0 | 0 | 0 | 0 | 0 | 54 | 53 | 107 |
| **8** | 3 | 2 | 5 | 111 | 115 | 226 | 0 | 0 | 0 | 0 | 0 | 0 | 114 | 117 | 231 |
| **9** | 10 | 4 | 14 | 144 | 120 | 264 | 0 | 0 | 0 | 0 | 0 | 0 | 154 | 124 | 278 |
| **10** | 12 | 3 | 15 | 147 | 142 | 289 | 0 | 0 | 0 | 0 | 0 | 0 | 159 | 145 | 304 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ | 29 | 9 | 38 | 536 | 520 | 1056 | 0 | 0 | 0 | 0 | 0 | 0 | 565 | 529 | **1094** |

ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നഡ | | | അഡി ഹിന്ദി | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **5** | 30 | 40 | 70 | 0 | 0 | 0 | 5 | 7 | 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **6** | 45 | 41 | 86 | 0 | 0 | 0 | 4 | 2 | 6 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **7** | 50 | 46 | 96 | 0 | 0 | 0 | 4 | 7 | 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **8** | 101 | 105 | 206 | 0 | 0 | 0 | 13 | 12 | 25 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **9** | 146 | 117 | 263 | 0 | 0 | 0 | 8 | 7 | 15 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **10** | 152 | 140 | 292 | 0 | 0 | 0 | 7 | 5 | 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 524 | 489 | 1013 | 0 | 0 | 0 | 41 | 40 | 81 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

സ്ഥലം :

തീയതി :

ഹെഡ്മാസ്റ്ററുടെ ഒപ്പ്

Report Taken on June 30, 2025, 11:24 am

# PROFILE

| | | |
|---|---|---|
| HEADMISTRESS | - | ELIZABETH OOMMEN |
| SENIOR ASSISTANT | - | ANAND JOLSILA |
| STAFF SECRETARY | - | SARITHA G S |
| SRG CONVENOR (HS) | - | MINI R |
| SENIOR ASSISTANT (UP) | - | ANUJA BABY |
| SRG CONVENOR (UP) | - | ROJA |
| SITC | - | MANEESHA A |
| JSITC | - | JASHNI RAJ |

## OUR PTA...

- **President : Beena Jayan J**
- **MPTA : Sivaranjini B**
- **SMC Chairman : Jayakumar M J**

# നിലവിലെ അവസ്ഥ വിശകലനം

ഭൗതികം

നേട്ടങ്ങൾ

ചവറ പന്മന ഗ്രാമപഞ്ചായത്തുകളുടെ അതിരുകൾ പങ്കിടുന്ന ശങ്കരമംഗലം ദേശത്ത് സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിന് നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട് 5 മുതൽ ഹയർസെക്കൻഡറി തലം വരെ രണ്ടായിരത്തോളം കുട്ടികൾ പഠിക്കുന്നു. ഗവൺമെന്റിന്റെ ഹൈടെക് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ഇരുനില കെട്ടിടം നിലവിൽ വന്നു. രണ്ട് കമ്പ്യൂട്ടർ ലാബുകളും ശാസ്ത്ര പഠനം പ്രായോഗികതലത്തിൽ നടപ്പിലാക്കാൻ ഉതകുന്ന ശാസ്ത്ര ലാബും വായന പരിപോഷിപ്പിക്കുന്നതിന് സഹായകമായി പുസ്തക ശേഖരമുള്ള ലൈബ്രറിയും സജ്ജീകരിച്ചിട്ടുണ്ട്.

പരിമിതികൾ

* എല്ലാ ക്ലാസിലും പ്രൊജക്ടർ സൗകര്യമില്ല.
* ക്ലാസ്സുകളിൽ നെറ്റ് കണക്ഷൻ ലഭ്യമല്ല.
* ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം ശോചനീയാവസ്ഥയിലാണ്
* അൺഫിറ്റായ കെട്ടിടത്തിലാണ് നിലവിൽ സ്റ്റാഫ് റൂം ഉള്ളത്.
* കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനായി ഡൈനിങ് ഹാൾ ഇല്ല.
* കുട്ടികളുടെ സൈക്കിൾ പാർക്കിംഗ് ഷെഡ്ഡില്ല.
* എല്ലാ ക്ലാസ്സുകളിലും ഗ്രീൻ ബോർഡ് ലഭ്യമല്ല.
* സ്കൂൾ പരിപാടികൾ നടത്താനായി ഓഡിറ്റോറിയം ഇല്ല.
* കുട്ടികളുടെ എണ്ണത്തിനനുസൃതമായി HS ലും UP ലും ക്ലാസ് മുറികൾ ഇല്ല.
* ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റിന്റെ അപര്യാപ്തത.
* കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ആനുപാതികമായ ലാപ്ടോപ് ഇല്ല.

## അക്കാദമികം

### നേട്ടങ്ങൾ

എസ്എസ്എൽസി പരീക്ഷയിൽ ചവറ സബ് ജില്ലയിൽ ഉയർന്ന വിജയശതമാനം നിലനിർത്തുന്ന വിദ്യാലയം. യു എസ് എസ്., NMMS മത്സരപരീക്ഷകളിൽ മികച്ച വിജയം. 291 കട്ടികളിൽ 66 കുട്ടികൾ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടുകയുണ്ടായി. ശാസ്ത്രമേളകളിൽ സംസ്ഥാനതലത്തിൽ എ ഗ്രേഡ്, ശാസ്ത്ര - ഗണിത ശാസ്ത്ര മാഗസിനുകൾക്ക് സബ് ജില്ലാ ശാസ്ത്രമേളയിൽ സോഷ്യൽ സയൻസിന് ഓവറോൾ നേടി. വിദ്യാലയത്തിലെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാ നിലവാരത്തിലുമുള്ള കട്ടികളെയും പങ്കെടുപ്പിക്കുന്നു. പരമാവധി സാമൂഹ്യാവബോധ പ്രവർത്തനങ്ങൾ ദിനാചരണങ്ങളുടെ ഭാഗമായി നടന്നുവരുന്നു.

### പരിമിതികൾ

ജില്ലാതല ക്വിസ് മത്സരങ്ങളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പിക്കേണ്ടതായുണ്ട്. എസ്എസ്എൽസി പരീക്ഷകളിൽ എ പ്ലസ് കളുടെ എണ്ണം കട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഉയർത്തേണ്ടതുണ്ട്.

കുട്ടികളുടെ എണ്ണം

2025 – 26

| ക്ലാസ്സ് | കുട്ടികൾ |
|---|---|
| V | 82 |
| VI | 92 |
| VII | 107 |
| VIII | 231 |
| IX | 278 |
| X | 304 |

| ഭൗതിക സാഹചര്യങ്ങൾ | | | |
|---|---|---|---|
| നമ്പർ | വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
| 1. | ക്ലാസ്സ് മുറി | 28 | 10 |
| 2. | ആൺകുട്ടികളുടെ ശുചിമുറി | 4 | 20 |
| 3. | പെൺകുട്ടികളുടെ ശുചിമുറി | 7 | 10 |
| 4. | ലൈബ്രറി | ഉണ്ട് | ഇല്ല |
| 5. | ചുറ്റുമതിൽ | ഭാഗികം | ആവശ്യമുണ്ട് |
| 6. | കളിസ്ഥലം | ഉണ്ട് | ഇല്ല |
| 7. | ക്ലാസ്സ് മുറികളിൽ റാംപ് | 4 | ഇല്ല |
| 8. | അടുക്കള | ഉണ്ട് (ക്ലാസ്സ് അടുക്കളയാക്കിയിരിക്കുന്നു) | ആവശ്യമുണ്ട് |
| 9. | ഡൈനിംഗ് ഹാൾ | ഇല്ല | ഡൈനിംഗ് ഹാൾ വേണം |
| 10. | വിഷയാധിഷ്ഠിത ലാബുകൾ | ഇല്ല | സോഷ്യൽ സയൻസ്, Art Gallery, ഗണിതം |
| 11. | സ്റ്റേജ് / ഓഡിറ്റോറിയം | ഇല്ല | ആവശ്യമുണ്ട് |
| 12. | Girls' friendly Toilet | ഇല്ല | 2 എണ്ണം |
| 13. | Wash area | ഭാഗികം | 2 എണ്ണം |
| 14. | Laptop | 25 | 20 |
| 15. | പ്രൊജക്ടർ | 21 | 10 |
| 16. | HDMI Cable | 2 | 30 |
| 17. | Sound System | 1 | 30 |
| 18. | Green Board | 2 | 15 |
| 19. | Internet സൗകര്യം | ഐ ടി ലാബിൽ ഇല്ല | ആവശ്യമുണ്ട് |

## Staff Council

| അധ്യാപകർ | | ആകെ | അനധ്യാപകർ | | | ആകെ |
|---|---|---|---|---|---|---|
| HS | UP | | CLERK | OFFICE ASSISTANT | FTM | |
| 33 (1 Vacancy) | 11 (10 + 1 Junior Hindi) | 44 | 01 | 02 | 02 | 05 |



സമഗ്ര ഗുണമേന്മ പദ്ധതി
പാഠം ഒന്ന്
നല്ല പാഠം
നേരറിവ്
GHSS Chavara
ജൂൺ 2 മുതൽ 13 വരെ
2025 ജൂൺ 3
പൊതുകാര്യങ്ങൾ
മയക്കുമരുന്ന് / ലഹരി
ഉപയോഗത്തിനെതിരെ
2025 ജൂൺ 4
റോഡിലൂടെ സഞ്ചരിക്കുമ്പോൾ
ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/
സ്കൂൾവാഹന സഞ്ചാരം അറിയേണ്ട
കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ
2025 ജൂൺ 5
വ്യക്തിശുചിത്വം, പരിസര
ശുചിത്വം, ഹരിതക്യാമ്പസ്സ്,
സ്കൂൾ സൗന്ദര്യ
വത്കരണം
2025 ജൂൺ 9
ആരോഗ്യം,
വ്യായാമം, കായിക
ക്ഷമത
2025 ജൂൺ 10
ഡിജിറ്റൽ
അച്ചടക്കം
2025 ജൂൺ 11
പൊതുമുതൽ
സംരക്ഷണം
2025 ജൂൺ 12
പരസ്പര
സഹകരണത്തിന്റെ
പ്രാധാന്യം, റാഗിങ്,
വൈകാരിക
നിയന്ത്രണമില്ലായ്മ
2025 ജൂൺ 13
പൊതു
ക്രോഡീകരണം

## ലക്ഷ്യങ്ങൾ

* അധ്യാപനവും അധ്യയനവും സംഘാത്മകവും രസകരവും ആക്കുന്നതിനുള്ള പഠന അന്തരീക്ഷം വിദ്യാലയത്തിൽ ഉറപ്പുവരുത്തുക.
* അഞ്ചു മുതൽ പത്തു വരെയുള്ള കുട്ടികൾക്കും ഭാഷാപരമായ നൈപുണി ആർജ്ജിക്കാനുള്ള പഠന പ്രവർത്തനങ്ങൾ ഒരുക്കുക.
* ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ കൂടുതൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുകയും മെച്ചപ്പെട്ട പഠന അനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുകയും ചെയ്യുക.
* ഹരിത ക്യാമ്പസ് എന്ന ആശയം പ്രാവർത്തികമാക്കുകയും ശുചിത്വത്തിന് കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്യുക.
* സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തി ക്ലാസ് മുറികളിൽ വിനിമയം ചെയ്യുകയും സാമൂഹിക അവബോധമുള്ള പൗരന്മാരുമായി കുട്ടികളെ വാർത്തെടുക്കുകയും ചെയ്യുക.

# സമഗ്ര ഗുണമേന്മ പദ്ധതി 2025 -'26 ജി എച്ച് എസ് എസ് ചവറ, കൊല്ലം

| ദിനം | വിഷയം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| ജൂൺ 3 | പൊതുകാര്യങ്ങൾ മയക്കു മരുന്ന് ലഹരി ഉപയോഗത്തിനെതിരെ | ക്ലാസ് തല ബോധവൽക്കരണം, കുട്ടികളുടെ സ്കിറ്റ്, നാടകം ലഹരിയുടെ ദോഷവശങ്ങൾ, ചർച്ച, പോസ്റ്റർ തയ്യാറാക്കൽ, എക്സൈസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സ്കൂൾതല ബോധവൽക്കരണം, സുംബാ ഡാൻസ്, നൃത്താവിഷ്കാരം | All class teachers, Anti Drugs club, SPC & PTA |
| ജൂൺ 4 | റോഡ് സുരക്ഷ | ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ ട്രാഫിക് സിഗ്നൽസ്, നിയമങ്ങൾ, പോസ്റ്റർ രചന, കുട്ടികളുടെ ഗതാഗത മാർഗങ്ങൾ, വിവരശേഖരണം | Class teachers, PTA |
| ജൂൺ 5 | വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം | ശുചിത്വത്തിന്റെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള ക്ലാസ്, ചർച്ച, ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ, ക്ലാസ് മുറികൾ, പരിസരം - വൃത്തിയാക്കൽ വൃക്ഷത്തൈ വിതരണം, പരിസ്ഥിതി ദിന കവിതാലാപനം, നൃത്താവിഷ്കാരം, സ്കൂൾ ക്യാമ്പസിന്റെ സൗന്ദര്യവൽക്കരണം, ചെടികൾ നട്ടുവളർത്തൽ, മാലിന്യനിർമ്മാർജ്ജന പദ്ധതികൾ ആവിഷ്കരിക്കൽ | ശുചിത്വ ക്ലബ് & ഇക്കോ ക്ലബ് |
| ജൂൺ 9 | ആരോഗ്യം കായികക്ഷമത, വ്യായാമം | Zumba പരിശീലനം പോഷകാഹാരവുമായി ബന്ധപ്പെട്ടുള്ള തുടർ പ്രവർത്തനങ്ങൾ, വ്യായാമം, കളികൾ ഇവയ്ക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ | Class Teachers, കായികാധ്യാപിക |
| ജൂൺ 10 | ഡിജിറ്റൽ അച്ചടക്കം | സോഷ്യൽ മീഡിയയുടെ ദുരുപയോഗം, തൽഫലമായി ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ തുടങ്ങിയവയെ കുറിച്ചുള്ള ചർച്ചകൾ സംഘടിപ്പിക്കാൻ, സംവാദം, സ്കിറ്റ് | All teachers, All clubs |
| ജൂൺ 11 | പൊതുമുതൽ സംരക്ഷണം | പൊതുമുതൽ സംരക്ഷണത്തിന്റെ പ്രാധാന്യം, ചർച്ച, പ്രതിജ്ഞയെടുക്കൽ, ബോധവൽക്കരണം സംഘടിപ്പിക്കൽ | All teachers, PTA |
| ജൂൺ 12 | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, റാഗിങ് | സ്കിറ്റ് ബോധവൽക്കരണ പരിപാടികൾ | All teachers |
| ജൂൺ 13 | പൊതു ക്രോഡീകരണം | പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച, ചാർട്ട്, പ്രദർശനം, Zumba ഡാൻസ് | All teachers, PTA, All clubs |

# ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു



ചവറ

സംസ്ഥാന സർക്കാരിന്റെ സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ലഹരിവിരുദ്ധ ക്യാമ്പസ് എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനായി ശങ്കരമംഗലം ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. സംസ്ഥാന സർക്കാരും പൊതു വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടപ്പാക്കുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന ലക്ഷ്യമിട്ടാണ് ക്ലാസ് സംഘടിപ്പിച്ചത്. കരുനാഗപ്പള്ളി അസിസ്റ്റന്റ് എക്സൈസ് ഇൻസെക്ടർ( ഗ്രേഡ് ) മനാഫ് ക്ലാസെടുത്തു. അധ്യാപിക ആനന്ദ് ജോൾസില അധ്യക്ഷയായി. അധ്യാപകരായ സിൽവി ചാക്കോ, ആർ മിനി, ജി എസ് സരിത, എസ് അനുജ, റോജ മാർക്കോസ്, സി സുഗുണൻ , ബി ഉണ്ണികൃഷ്ണൻ, അബൂബക്കർ തുടങ്ങിയവർ സംസാരിച്ചു.



ഹരിത ക്യാമ്പസിന്റെ ഭാഗമായി ബഹുമാനപ്പെട്ട HM ശ്രീമതി എലിസബത്ത് ടീച്ചറിന്റെ നേതൃത്വത്തിൽ ചവറ സർക്കിൾ ഇൻസ്പെക്ടർ ശ്രീ. എം. ഷാജഹാൻ സാർ സ്കൂൾ അങ്കണത്തിൽ വൃക്ഷത്തൈ നടുന്നു.



പരിസ്ഥിതി ദിനം, പരിസര ശുചിത്വം,
വ്യക്തി ശുചിത്വം എന്നീ
മൊഡ്യൂളുകളുടെ
ഭാഗമായി നടന്ന
ക്വിസ് മത്സര
വിജയികൾ...

## പരിസ്ഥിതി ദിനവും റോഡ് സുരക്ഷയും


ചവറ

സംസ്ഥാന സർക്കാരിന്റെ സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ശങ്കരമംഗലം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ SPC കേഡറ്റുകളുടെ നേതൃത്വത്തിൽ റോഡ് സുരക്ഷാ ബോധവൽക്കരണവും, പരിസ്ഥിതി ദിനാഘോഷവും സംഘടിപ്പിച്ചു സ്കൂളിലെ പ്രഥമ അധ്യാപിക ശ്രീമതി എലിസബത്ത് ഉമ്മൻ ടീച്ചറുടെ നേതൃത്വത്തിൽ പരിസ്ഥിതി സംരക്ഷണവും അവബോധവും കുട്ടികളിൽ എത്തിക്കുന്നതിനായി ചവറ സർക്കിൾ ഇൻസ്പെക്ടർ ശ്രീ എം ഷാജഹാൻ സാർ സ്കൂളിന്റെ അങ്കണത്തിൽ പുന്നമരം നട്ടു കൊണ്ട് ഉദ്ഘാടന കർമ്മം നിർവഹിച്ചു പ്രസ്തുത ചടങ്ങിൽ അധ്യാപകരായ സിൽവി ചാക്കോ, ആനന്ദ് ജ്യോത്സ്യല, എസ് സബിത,, ജി എസ് സരിത, ഐ ജിജി, പരിസ്ഥിതി ക്ലബ് കൺവീനർ ടി കെ ജി തരകൻ, ശ്രീ സനിൽ ലാൽ, സി സുഗുണൻ, വി ഉണ്ണികൃഷ്ണൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു, തുടർന്ന് റോഡ് സുരക്ഷയും ട്രാഫിക് നിയമങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ബോധവത്കരണ ക്ലാസും സംഘടിപ്പിച്ചു.




സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി വ്യക്തിശുചിത്വം, പരിസരശുചിത്വം, ആരോഗ്യം എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ബോധവൽക്കരണ ക്ലാസ്സ് ശുചിത്വ ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. PTAയുടെയും SMCയുടെയും സംയുക്ത സഹകരണത്തോടെ സംഘടിപ്പിച്ച പരിപാടിയിൽ ശുചിത്വമിഷൻ റിസോഴ്സ് പേഴ്സൺ ശ്രീ. തൊടിയൂർ രാധാകൃഷ്ണൻ കുട്ടികൾ അനുവർത്തിക്കേണ്ട ആരോഗ്യശീലങ്ങളെ കുറിച്ചും വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അവരെ ബോധ്യപ്പെടുത്തി.




CHILD LABOUR D
Don't
Abuse
Children



INTERNATIONAL ANTI
CHILD LABOUR DAY
Say No
To Child
Labour





INTERNATIONAL ANTI CHILD
LABOUR DAY
Don't
Abuse
Stop
This
Children's




International Anti child labour Day
JUNE
12
X



പൊതു ക്രോഡീകരണം




പൊതുക്രോഡികരണം

**വിഷയം : ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ശേഷികൈവരിക്കൽ | ചതുഷ്ക്രിയകൾ അടിസ്ഥാനമാക്കിയുള്ള കണക്കുകൾ നൽകി ഉത്തരങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്തേണ്ട കുട്ടികളെ കണ്ടെത്തൽ. | ജൂൺ ആദ്യവാരം. | അധ്യാപകൻ |
| ജാമിതീയ നിർമ്മിതിയിലെ ശേഷി കൈവരിക്കൽ | ഓരോ ജാമിതീയ രൂപങ്ങൾ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ഇൻസ്ട്രുമെന്റ് ബോക്സ് ഉപയോഗിച്ചുള്ള നിർമിതികൾ | ജൂൺ | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| ദിനാചരണം. | പാസ്കൽ ദിനം ആചരിക്കൽ | ജൂൺ 19 | ക്ലബ്ബ് അംഗങ്ങൾ |
| ഗണിത ആശയങ്ങളിൽ നിന്ന് ഉടലെടുത്ത ഗണിതരൂപങ്ങൾ | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | ജൂലൈ | അധ്യാപകർ ക്ലബ്ബ് അംഗങ്ങൾ |
| അളവുകൾ ഇവ പരിചയപ്പെടൽ ദിനാചരണം ഗ്രൂപ്പ് പഠനം | Approximation Day ക്ലാസിലെ കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനും ലീഡറിനെ കണ്ടെത്തിയശേഷം വരയ്ക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂലൈ 22 ആഗസ്റ്റ് | ക്ലബ്ബ് അംഗങ്ങൾ ഗണിത അധ്യാപകർ മിടുക്കരായ വിദ്യാർഥികൾ |
| ഒന്നാം ടൈം പരിക്ഷ grade ഉയർത്തുന്നതിന് വേണ്ടി | സമഗ്ര വിവിധ ബ്ലോഗുകൾ ഇവയിൽ നിന്ന് പഴയ ചോദ്യ പേപ്പറുകളും കൂടുതൽ പഠന പ്രവർത്തനങ്ങളും കുട്ടികൾക്ക് നൽകുന്നു. | സെപ്റ്റംബർ | ഗണിത അധ്യാപകർ SITC |
| സ്കൂൾ തല ഗണിത മേള, ഗണിത ക്വിസ് നടത്തുന്നതിന് | സ്കൂൾതല ഗണിത മേളയിലും ഗണിത ക്വിസിലും പങ്കെടുക്കുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ് നൽകുന്നു. | ഒക്ടോബർ | ഗണിത അധ്യാപകർ |
| ഗണിത താല്പര്യം വർദ്ധിപ്പിക്കൽ | ശ്രീനിവാസ രാമാനുജന്റെ സംഭാവനകൾ അദ്ദേഹത്തിന്റെ ജീവിതചരിത്രം ഇവയെ അടിസ്ഥാനമാക്കിയുള്ള സെമിനാർ | നവംബർ | അധ്യാപകർ ക്ലബ്ബ് അംഗങ്ങൾ |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ച് കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന് വേണ്ടി കുട്ടികൾക്ക് നൽകുന്ന Worksheets വീട്ടിൽ ഇരുത്തി അവരെ ചെയ്യിപ്പിക്കുന്നതിന് രക്ഷിതാക്കളുടെ പിന്തുണ ആവശ്യപ്പെടുന്നു. | ഡിസംബർ, ജനുവരി | കുട്ടികളുടെ മുതിർന്ന സഹോദരങ്ങൾ, അധ്യാപകർ രക്ഷിതാക്കൾ |
| ഗ്രേഡ് തിരിച്ചുള്ള പഠനം | മുൻ പരീക്ഷകളിലും യൂണിറ്റ് ടെസ്റ്റുകളിലും കുട്ടികളുടെ നിലവാരം വിലയിരുത്തി അവരെ വിവിധ ഗ്രൂപ്പുകൾ ആക്കി ഓരോ ഗ്രൂപ്പിനും അനുയോജ്യമായവർക്ക് വർക്ക് ഷീറ്റുകളും പഠനപ്രവർത്തനങ്ങളും നൽകുന്നു. ദിനശേഷി കുട്ടികളെ പ്രത്യേക ക്ലാസിലിരുത്തി അവർക്ക് അത്യാവശ്യമായ പഠന വിഭവങ്ങൾ നൽകുന്നു | ഫെബ്രുവരി മാർച്ച് | സ്കൂളിലെ എല്ലാ അധ്യാപകരും രക്ഷിതാക്കൾ മിടുക്കരായ കുട്ടികൾ |

## സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിതസാഹചര്യങ്ങളിൽ നിന്ന് ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി ജൈവവൈവിധ്യ പാർക്ക്**<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി ടി എ |
| | **കണ്ടറിയാനൊരു യാത്ര**<br>വംശനാശനഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ, സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്ര അധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ് | രക്ഷിതാക്കൾ |
| | **പരീക്ഷണ കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളുടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണ തെ ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ, ഊർജ് ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| 2) ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **മാസ്റ്റർ മൈന്റ്**<br>ഊർജ് ക്ലബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്രീയ ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ഊർജ് ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പോ - എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ് | |

| | | | | |
|---|---|---|---|---|
| **വൈജ്ഞാനിക ബഹിർസ്ഫുരണം:**<br><br>അന്വേഷണ ത്വര വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഉള്ള സൗകര്യ ത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | കൃഷി വകുപ്പ്, ഹരിതസേന, സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്. | അക്കാദമിക വർഷം | | |
| | പുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയതലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മത്സരയവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |
| ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ സമഗ്രയിൽ ചേർക്കൽ | **തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ, ചോദ്യപേപ്പർ സമഗ്രയിൽ അപ്‌ലോഡ് ചെയ്യൽ** | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പി ടി എ |
| പഠനയാത്ര | **ശാസ്ത്രവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്കുള്ള പഠനയാത്ര** | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |

## സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കുക ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനായി നടത്തുന്ന നിശ്ചയിക്കപ്പെട്ട തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ**<br>സ്കൂൾ പാർലമെന്റ് പൗരബോധം സാമൂഹ്യ സേവനം ഇവയുള്ള പ്രവർത്തനം നടത്തുന്നു | അക്കാദമി വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസ്സുകൾ |
| സാമൂഹ്യശാസ്ത്ര പരീക്ഷണം വളർത്തുന്നു | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ |
| മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളുടെ കഴിവുകൾ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| ഭൂപട വായന കുട്ടികളിൽ വളർത്തുക ഭൂതല നിർണയം നടത്താൻ പഠിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | **പട്ടുപാതയിലൂടെ**<br>ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുന്ന ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബുകൾ എന്നിവ പരിചയമാക്കുന്നു | **വർഷം മുഴുവനും** | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉണ്ടാകുന്ന പൊതു വിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന കേസുകൾ ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദംഎന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണകൾ നൽകുക വീഡിയോ പ്രദർശനം ചരിത്ര **സിനിമ പ്രദർശനം** | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| വൃത്യസ്തയിനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | ചരിത്ര കൊട്ടാരം<br>വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര സ്മാരകങ്ങളിലൂടെ കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കിമാറ്റുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | നമ്മുടെ ചുറ്റുപാടും പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നടത്തുന്നു നല്ല ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമേകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## ഹിന്ദി

അക്കാദമികം

### പൊതുവായ ലക്ഷ്യങ്ങൾ

. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

. ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പുവരുത്തുക.

. ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

. ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

**. ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | *അക്ഷരംഎഴുത്ത് *ചിഹ്നം ഉറപ്പിക്കൽ<br>*അക്ഷര കാർഡ് *വാക്കുകൾ എഴുതിയ കാർഡ്<br>*ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>*ഓൺലൈൻ അക്ഷരമാല കളികൾ<br>*വാക്കുകൾ നിർമ്മാണം *വാക്യങ്ങളുടെ നിർമ്മാണം. | ജൂൺ മുതൽ ആഗസ്റ്റ് | ബി ആർ സി.<br>ഡി ഐ ഇ ടി. എസ് സി ഇ ആർ ടി<br>(ആവശ്യമെങ്കിൽ)<br>റിസോഴ്സ് ടീച്ചേർസ് | രക്ഷകർത്താക്കൾ അധ്യാപകർ |
| വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | * വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പേര് ഹിന്ദിയിൽ പട്ടികപ്പെടുത്തുക<br>*ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം.<br>*CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്റ്റംബർ മുതൽ | പിടിഎ. ബിആർസി റിസോഴ്സ് ടീച്ചർ, അധ്യാപകർ | രക്ഷകർത്താക്കൾ അധ്യാപകർ |

## ഹൈസ്കൂൾ വിഭാഗം (ഹിന്ദി)

| | | | | |
|---|---|---|---|---|
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂൺ - ജൂലൈ | കുട്ടികൾ, അധ്യാപകർ | രക്ഷകർത്താക്കൾ അധ്യാപകർ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനതീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു.<br>വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ | അധ്യാപകർ | ഇല്ല |
| ഹിന്ദി അനായാസം എഴുതാനുംവായിക്കാനും പരിശീലിപ്പിക്കുന്നു. വായനാ പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഒക്ടോബർ - നവംബർ<br>ഡിസംബർ - ജനവരി | അധ്യാപകർ<br>അധ്യാപകർ | ലൈബ്രറി |
| ദോപഹർ കീ ബാതേം | ഹിന്ദിയിൽ ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിനായി ഉച്ച സമയങ്ങളിൽ ഹിന്ദിയിൽ മാത്രം കുട്ടികളോട് സംസാരിക്കുന്നു | വർഷം മുഴുവനും | അധ്യാപകർ, കുട്ടികൾ | ഇല്ല |
| ഹിന്ദി അസംബ്ലി | മാസത്തിൽ ഒരിക്കൽ പൂർണ്ണമായും ഹിന്ദിയിൽ അസംബ്ലി | വർഷം മുഴുവനും | അധ്യാപകർ, കുട്ടികൾ | ഇല്ല |
| ഹിന്ദി സഭ | രണ്ട് മാസത്തിലൊരിക്കൽ ഒരു ദിവസം ഹിന്ദി ഭാഷയിലുള്ള നാടകം, കഥ, കവിത തുടങ്ങിയവ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു. | രണ്ട് മാസത്തിലൊരിക്കൽ | അധ്യാപകർ, കുട്ടികൾ | ഇല്ല |
| ഹിന്ദി ഉത്സവ് | വർഷാന്ത്യത്തിൽ ഒരു ദിവസം ഹിന്ദി ഭാഷാ പഠനത്തിലൂടെ നേടിയ അറിവുകളും ആശയങ്ങളും പൊതുവേദിയിൽ രക്ഷകർത്താക്കളുടെയും പൊതുജനങ്ങളുടെയും മുന്നിൽ അവതരിപ്പിക്കുന്നു. | വർഷത്തിൽ ഒരിക്കൽ | പി ടി എ, അധ്യാപകർ, കുട്ടികൾ | പിടിഎ |

English

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To encourage <u>Listening & Speaking.</u><br><br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills.<br><br>To encourage <u>Reading</u><br>Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge.<br><br>Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes.<br><br>Encourage students to take turns reading aloud and share their interpretations and reactions to the text.<br><br>After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories. | June<br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br>July | English Teachers | English Club |

| | | | | |
|---|---|---|---|---|
| To develop <u>Writing Skills</u><br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar.<br><br>Expand vocabulary through reading and interactive activities.<br><br>ntroduce different types of writing: narrative, escriptive, persuasive, etc. | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays.<br>Teach persuasive writing techniques and argumentation.<br><br>Preparing and delivering speeches.<br>Listening to and analysing different media sources.<br><br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | August-December<br><br>January -<br>February | English Teachers | English Club |

| | | | | |
|---|---|---|---|---|
| **Language Games, puzzles and Activities:** | **Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.**<br><br>**For example, play word association games, charades, or vocabulary bingo to practice new words and concepts.**<br><br>**To create their own poems, stories, dictionary etc and present it to the class.** | | **English Teachers** | **English Club** |
| **Differentiation and Support:** | **Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.**<br><br>**Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.**<br><br>**Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths.** | **Throughout the year** | | |

| | | | | |
|---|---|---|---|---|
| **Parent Involvement** | **development at home, including book recommendations, reading strategies, and language enrichment activities.**<br><br>**Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing.**<br><br>**Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.**<br><br>**Collaborate with parents to create English language learning materials, such as flashcards, games, or resource packs, that can be used in the classroom or sent home for additional practice.** | | **English Teacher**<br><br>**English Teachers & PTA Members & parents** | **English Club** |

| | | | | |
|---|---|---|---|---|
| **Assessment and Feedback:** | **Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.**<br><br>**Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.**<br><br>**Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.**<br><br>**Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.**<br><br>**Involve students in self-assessment and reflection activities to promote ownership of their learning process.**<br><br>**Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs.**<br><br>**Provide resources and tips for parents on how to support their child's literacy** | **Throughout the year** | **English Teachers** | **English Club** |

# മലയാളം
# അക്കാദമിക് മാസ്റ്റർപ്ലാൻ 2025-26
# ജി എച്ച് എസ് എസ്, ചവറ

## മാതൃഭാഷാപഠനം - പ്രശ്നങ്ങൾ

1. 5 മുതൽ 10 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.

2. സർഗ്ഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല.

3. വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ കഴിയുന്നില്ല.

## പ്രശ്നവിശകലനം

| കാരണങ്ങൾ | പരിഹാര നിർദ്ദേശം - പദ്ധതി |
|---|---|
| 1. വായനയോടുള്ള താല്പര്യക്കുറവ് | 1. പിറന്നാളിനൊരു പുസ്തകം |
| 2. ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 2. വായനക്കുറിപ്പ് |
| 3. വായന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ് | 3. കഥ, കവിത, ശില്പശാല |
| 4. സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല | 4. സെമിനാർ |
| 5. ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 5. ചുവർ മാഗസിൻ |
| | 6. കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ |
| | 7. സാഹിത്യപഠനയാത്ര |
| | 8. വായനക്കൂട്ടം - പുസ്തക ചർച്ച |
| | 9. അഭിമുഖം |

## പ്രവർത്തനപദ്ധതി വിശദീകരണം

പ്രവർത്തനം-1

### പിറന്നാളിനൊരു പുസ്തകം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ<br>മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| പദ്ധതി നടത്തിപ്പ് | വിഷയസമിതി | ജൂൺ-ഫെബ്രുവരി | 200 | രക്ഷിതാവ് |
| പുസ്തക സമാഹരണം | ലൈബ്രേറിയൻ | ജൂൺ-ഫെബ്രുവരി | | |

പ്രവർത്തനം-2

### വായനക്കുറിപ്പ്

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ-മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ | ജൂൺ-ഫെബ്രുവരി | 200 | രക്ഷിതാവ് |
| വായനക്കുറിപ്പ് സമാഹരണം | ക്ലാസ്സ് ലീഡർ | ജൂൺ-ഫെബ്രുവരി | | |
| പതി[illegible] | കൺവീനർ വായനക്കൂട്ടം | മാസത്തിൽ ഒന്ന് | [illegible] | PTA |

പ്രവർത്തനം-3

## ശില്പശാലകൾ - കഥ, കവിത ആസ്വാദനം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂൺ | | |
| ശില്പശാല - കഥ | വിഷയസമിതി | ജൂൺ | | PTA |
| ശില്പശാല - കവിത | വിഷയസമിതി | ജൂലൈ | 2000 | PTA |
| ശില്പശാല - ആസ്വാദനം | വിഷയസമിതി | ആഗസ്റ്റ് | 2000 | PTA |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | ആഗസ്റ്റ് | 2000 | |

പ്രവർത്തനം-4

## ശില്പശാലകൾ - സെമിനാർ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ആഗസ്റ്റ് | | |
| കേരളപാഠാവലി അടിസ്ഥാന പാഠാവലി യൂണിറ്റിനെ അടിസ്ഥാനമാക്കി സെമിനാർ | വിഷയസമിതി | ആഗസ്റ്റ് | | |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | ആഗസ്റ്റ് | | |

പ്രവർത്തനം-5

## ചുവർ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| ഉദ്ഘാടനം | വിഷയസമിതി | ജൂൺ | | |
| പദ്ധതി നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ /എഡിറ്റർ | ജൂൺ - ഫെബ്രുവരി | | |

പ്രവർത്തനം-6

## കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| സൃഷ്ടികൾ സ്വീകരിക്കൽ | ക്ലാസ് എഡിറ്റർ | സെപ്റ്റംബർ | | |
| തിരഞ്ഞെടുപ്പ് | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |
| നിർമ്മാണം | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |

പ്രവർത്തനം-7

## സാഹിത്യപഠനയാത്ര

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂലൈ | | |
| പഠനയാത്ര | ടൂർ കൺവീനർ | ജൂലൈ | 10000 | രക്ഷിതാക്കൾ |
| യാത്രാനുഭവക്കുറിപ്പ് | ക്ലാസ്സ് ടീച്ചർ | ജൂലൈ | | |
| പതിപ്പ് നിർമ്മാണം | കൺവീനർ വായനക്കൂട്ടം | ജൂലൈ | 500 | PTA |

പ്രവർത്തനം-8

## വായനക്കൂട്ടം - പുസ്തകച്ചർച്ച

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | മെയ് | | |
| വായനക്കൂട്ടം രൂപീകരണം | കൺവീനർ വായനക്കൂട്ടം | ജൂൺ | | |
| പുസ്തക ചർച്ച - വെള്ളിയാഴ്ചക്കൂട്ടം | കൺവീനർ വായനക്കൂട്ടം | ജൂൺ- ഫെബ്രുവരി | | |

പ്രവർത്തനം-9

## അഭിമുഖം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | കൺവീനർ വായനക്കൂട്ടം | ജൂൺ | | |
| അഭിമുഖം | കൺവീനർ വായനക്കൂട്ടം | മാസത്തിൽ ഒന്ന് | 4500 | PTA |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | | | |

# പരിഹാര പ്രവർത്തനം - പദ്ധതി വിശദാംശങ്ങൾ

## 1. പിറന്നാളിനൊരു പുസ്തകം

കുട്ടികളുടെയും അധ്യാപകരുടെയും പിറന്നാൾദിനം സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകുക എന്നതാണ് ഈ പദ്ധതി. 'പിറന്നാൾ ദിനം അർത്ഥപൂർണ്ണമാക്കാൻ ഇതിലൂടെ കഴിയും. വിദ്യാർഥികൾക്ക് പുതിയ പുസ്തകങ്ങൾ പരിചയപ്പെടാനും ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും ഈ പദ്ധതി സഹായകമാകും. മിഠായി വിതരണം പാടേ ഒഴിവാക്കി പുസ്തകസമ്മാനത്തിലേക്ക് മാറുമ്പോൾ സ്കൂൾ പരിസരത്തെ പ്ലാസ്റ്റിക് വസ്തുക്കളുടെ വ്യാപനം കുറയുകയും ചെയ്യും. ക്ലാസ്മുറികളിൽവച്ച് ടീച്ചറിന്റെ നേതൃത്വത്തിലും അസംബ്ലിയിൽ വച്ച് ലൈബ്രേറിയന്റെ നേതൃത്വത്തിലും കുട്ടികളിൽ നിന്ന് പുസ്തകം സ്വീകരിക്കാവുന്നതാണ്.

2. വായനക്കുറിപ്പ്

കുട്ടികൾ സ്വയം അറിവ് നിർമ്മിച്ച് ആശയങ്ങളും ധാരണകളും നൈപുണികളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പാഠ്യപദ്ധതിയാണ് നിലവിലുള്ളത്. കാലികവും ശാസ്ത്രീയവുമായ പിന്തുണയുള്ള ഈ സമീപനം കുട്ടികളെ സ്വയംപഠനത്തിലേക്ക് നയിക്കും. ഇതിന് വായനയും റഫറൻസും പഠനപ്രക്രിയയുടെ ഭാഗമായി നടക്കണം. വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ പുസ്തകങ്ങൾ പരിചയപ്പെടുന്നതിനുമുള്ള പദ്ധതിയാണ് വായനക്കുറിപ്പ്.എല്ലാ ദിവസവും ക്ലാസ് ആരംഭിക്കുമ്പോൾ ടീച്ചറുടെ നേതൃത്വത്തിൽ വായനക്കുറിപ്പ് അവതരണം നടത്തണം. ഓരോ ആഴ്ചയിലെയും മികച്ച കുറിപ്പുകൾ വായനക്കൂട്ടം കൺവീനർ സമാഹരിച്ച് ഏറ്റവും മികച്ചത് തെരഞ്ഞെടുത്ത് സ്കൂൾ അസംബ്ലിയിൽ വെച്ച് വായിക്കണം. അവതരിപ്പിക്കുന്ന കുട്ടിക്ക് അസംബ്ലിയിൽ വെച്ച് സമ്മാനവും നൽകണം. മികച്ച വായന കുറിപ്പുകൾ ചേർത്ത് പതിപ്പ് തയ്യാറാക്കി പ്രകാശനം നടത്തണം.

3. കഥ, കവിത, ആസ്വാദനം -ശിൽപശാല

കുട്ടികളുടെ സർഗാത്മകശേഷി കണ്ടെത്താനും പരിപോഷിപ്പിക്കാനും ശില്പശാലകൾക്ക് കഴിയും. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കണം. ഭാഷാ അധ്യാപകർക്ക് പുറമേ സാഹിത്യ ആസ്വാദകരായ മറ്റു അധ്യാപകർ, പ്രാദേശിക എഴുത്തുകാർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ ഉപയോഗപ്പെടുത്താവുന്നതാണ്. ഓരോ ശില്പശാലയും ഡോക്കുമെന്റ് ചെയ്യണം. കുട്ടികളിൽ ഉണ്ടായ മാറ്റം അടയാളപ്പെടുത്തണം.

4. സെമിനാർ

അന്വേഷണാത്മക പഠനത്തിന്റെയും വിമർശനാത്മക പഠനത്തിന്റെയും അനന്തസാധ്യതകൾ തുറന്നിടുന്നതാണ് സെമിനാർ. പാഠപുസ്തകങ്ങളിലെ വിഷയത്തെ അടിസ്ഥാനമാക്കിയാവണം സെമിനാർ നടത്തേണ്ടത്. ക്ലാസ്, സ്കൂൾ തലങ്ങളിൽ സംഘടിപ്പിക്കണം. ഓരോ ക്ലാസിലെയും കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് വിഷയങ്ങൾ നൽകണം. ഇത് കുട്ടികളിൽ സംഘബോധം വളർത്തും. സ്കൂൾതല സെമിനാർ ഡോക്കുമെന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

5. ചുമർ മാഗസിൻ

ഓരോ ക്ലാസിനും ചുമർ മാഗസിൻ ഉണ്ടായിരിക്കണം. ക്ലാസ് മുറിക്കുള്ളിൽത്തന്നെ അതിനായി അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കണം. കഥ, കവിത, ലേഖനം, വാർത്തകൾ, കാർട്ടൂണുകൾ തുടങ്ങി വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉൾപ്പെടുത്തണം. ഓരോ ആഴ്ചയിലും പുതിയ സൃഷ്ടികൾ പതിക്കണം. ഇതിനായി പത്രാധിപസമിതി തിരഞ്ഞെടുക്കണം

6. കൈയെഴുത്ത് / ഡിജിറ്റൽ മാഗസിൻ

പഠന പ്രവർത്തനത്തിന്റെയും ദിനാചരണങ്ങളുടെയും ഭാഗമായി ധാരാളം രചനകൾ കുട്ടികൾ വികസിപ്പിക്കാറുണ്ട്. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ മാഗസിൻ വികസിപ്പിക്കണം. മാഗസിന്റെ വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തണം. ക്ലാസ്സുകൾ തമ്മിൽ മത്സരവും കുട്ടികൾക്ക് പ്രോത്സാഹനവും നൽകണം. ഇതിനായി ക്ലാസ് തല പത്രാധിപസമിതി രൂപീകരിക്കണം. ചുമർ മാഗസിനിലെ സൃഷ്ടികൾ ഉപയോഗിക്കാവുന്നതാണ്.

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | **അറബിക് മധുരം** :<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത്, വായന:**<br><br>❖ ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>❖ അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പൈന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>❖ ഓരോ കുട്ടികള്ക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗൈമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ | 2 മാസം | പുസ്തകങ്ങൾ<br><br>കംപ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| | | റൈമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>❖ പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് 'അറബിക് മധുരം' ക്ലാസ് നല്കുക | | | |

| | | | | | |
|---|---|---|---|---|---|
| 2 | **വായനാ ലോകം** :<br><br>ലക്ഷ്യം.<br>കുട്ടിയെ<br><br>വായനയുടെ<br>ലോകത്തേക്ക് കൊണ്ട്<br>വരൽ<br>. നല്ല<br>വായനക്കാരനാക്കുക | 1. **തെരഞ്ഞെടുത്ത** ലളിതമായ **അറബിക് പുസ്തക** ശേഖരം **(അറബിക് ലൈബ്രറി)**<br><br>1. **പുസ്തകങ്ങൾ**<br>ചിത്ര കഥ (അറബിക്)<br>കഥ പുസ്തകം (അറബിക്)<br>കുട്ടിക്കവിതകൾ (അറബിക്)<br>ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>അറബിക് ക്വിസ്<br><br>2. **ക്ലാസ്സ് വായന**<br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br>• വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ<br>ക്ലാസ് ലൈബ്രറി<br><br>പുസ്തകങ്ങൾ | **സമാഹരണം:**<br>❖ അറബിക് അദ്ധ്യാപകർ<br>❖ റിട്ടയർ ചെയ്ത നാട്ടിലെ<br>❖ അറബി ഭാഷ അദ്ധ്യാപകർ<br>❖ ലൈബ്രറി<br>❖ ഭാഷാ സ്നേഹികൾ<br>❖ നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>❖ പുസ്തകങ്ങൾ<br>❖ ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>❖ സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>❖ സർക്കാർ ഫണ്ട് |

38

| | | | | | |
|---|---|---|---|---|---|
| 3 | **പദം പരിചയം :**<br><br>ലക്ഷ്യം: അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | - അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം ക്ലാസ്സിൽ അറബിയിൽ പരിചയപ്പെടുത്തുന്നു.<br>- ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br>- പ്രസ്തുത പദം അറബിക് നോട്ടീസ് ബോർഡിൽ പതിക്കുക..<br>- എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു<br>- മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |

| | | | | | |
|---|---|---|---|---|---|
| 4 | **അറബിക് അസംബ്ലി** | മാസത്തിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക<br>ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br><br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br><br>പുസ്തകം പരിചയപ്പെടുത്തൽ<br><br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | 1 വർഷം | | |

ഗവൺമെൻറ് എച്ച്. എസ്സ്. എസ്സ്. ചവറ

# ലിറ്റിൽ കൈറ്റ്സ്

## വാർഷിക പദ്ധതി 2025 - 25

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പുതിയ ബാച്ച് 2025-27 രൂപീകരണം | ലിറ്റിൽ കേസിൽ ചേരാൻ താല്പര്യമുള്ള കുട്ടികളിൽ നിന്നും സമ്മതപത്രം വാങ്ങുന്നു<br>എൽകെഎംഎസിൽ എന്റർ ചെയ്യുന്നു. മോഡൽ പരീക്ഷ അഭിരുചി പരീക്ഷ എന്നിവ നടത്തുന്നു.<br>കുട്ടികളെ തിരഞ്ഞെടുക്കുന്നു. | ജൂൺമാസം | കൈറ്റ് മെന്റേഴ്സ് | - |
| 2 | ദൈനംദിന പ്രവർത്തനങ്ങൾ<br>2024 - 27 ബാച്ച്<br>2025 - 28 ബാച്ച് | സിലബസ് പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുന്നു. | വർഷം മുഴുവൻ | കൈറ്റ് മെന്റേഴ്സ് | - |
| 3 | 2023 - 26 ബാച്ച് | ഇൻഡിവിജ്വൽ അസൈൻമെൻറ് ,<br>ഗ്രൂപ്പ് അസൈൻമെൻറ് | ഒക്ടോബർ നവംബർ | കൈറ്റ് മെന്റേഴ്സ് | |
| 4 | ഡിജിറ്റൽ പത്രം | ഓരോ മാസത്തിലും സ്കൂളിൽ നടന്ന പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് സ്ക്രൈബസ് സോഫ്റ്റ്‌വെയറിൽ സ്കൂൾ പത്രം തയ്യാറാക്കി ക്ലാസ് ഗ്രൂപ്പുകളിൽ പങ്കുവയ്ക്കുന്നു | വർഷം മുഴുവൻ | ലിറ്റിൽ കൈറ്റിലെകുട്ടികൾ , കൈറ്റ് മെന്റേഴ്സ്, | - |
| 5 | രക്ഷകർതൃ ബോധവൽക്കരണ ക്ലാസുകൾ | മോഡ്യൂൾ തയ്യാറാക്കുന്നു.<br>ക്ലാസുകൾ നൽകാനുള്ള കുട്ടിടീച്ചർമാരെ തിരഞ്ഞെടുക്കുന്നു. | എല്ലാ ക്ലാസ് PTA യിലും | ലിറ്റിൽ കൈറ്റിലെകുട്ടികൾ , കൈറ്റ് മെന്റേഴ്സ്, | - |

| | | | | | |
|---|---|---|---|---|---|
| | (ഡിജിറ്റൽ അച്ചടക്കം , മാലിന്യ സംസ്കരണം | ക്ലാസ് പിടികളിൽ ക്ലാസുകൾ നൽകുന്നു. | | SITC,PSITC | |
| 6 | സ്കൂൾ വിക്കി നവീകരണം | കണ്ടൻറുകൾ തയ്യാറാക്കന്നു.<br>എഡിറ്റിംഗ്.<br>അപ്‌ലോഡിങ് | വർഷം മുഴുവൻ | ലിറ്റിൽ കൈറ്റിലെകുട്ടികൾ , കൈറ്റ് മെന്റേഴ്സ്, ക്ലബ് കൺവീനർമാർSITC,PSITC | - |
| 7 | ഡിജിറ്റൽ ഡോക്യുമെന്റേഷൻ | സ്കൂളിൽ നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ക്യാമറ, ഫോൺ എന്നിവ ഉപയോഗിച്ച് ചിത്രീകരിക്കുക. എഡിറ്റിംഗ്. സമൂഹമാധ്യമങ്ങളിൽ അപ്‌ലോഡ് ചെയ്യുന്നു | വർഷം മുഴുവൻ | ലിറ്റിൽ കൈറ്റിലെകുട്ടികൾ , കൈറ്റ് മെന്റേഴ്സ്, SITC,PSITC | - |
| 8 | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള പരിശീലനങ്ങൾ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട അനിമേഷനുകൾ, വീഡിയോകൾ, കീബോർഡ് പ്രാക്ടീസ് | വർഷം മുഴുവൻ | ലിറ്റിൽ കൈറ്റിലെകുട്ടികൾ , കൈറ്റ് മെന്റേഴ്സ്, SITC,PSITC | - |
| 9 | മെഗാ ക്വിസ് | തലേദിവസത്തെ പത്രത്തിലെ പൊതുവിജ്ഞാനങ്ങൾ ക്വിസ് രൂപത്തിൽ പോസ്റ്ററുകൾ ആക്കി ക്ലാസ് ഗ്രൂപ്പിലേക്ക് പങ്കുവയ്ക്കുന്നു.<br>രണ്ടാഴ്ചയിൽ ഒരിക്കൽ ക്വിസ് നടത്തുന്നു.<br>വർഷാവസാനം 8 ടീമിനെ പങ്കെടുപ്പിച്ചുകൊണ്ട് മെഗാ ക്വിസ് | വർഷം മുഴുവൻ | ലിറ്റിൽ കൈറ്റിലെകുട്ടികൾ , കൈറ്റ് മെന്റേഴ്സ്, SITC,PSITC | - |
| 10 | ഡിജി ഫെസ്റ്റ് | സമീപത്തുള്ള എൽ പി യു പി ക്ലാസുകളിലെ കുട്ടികൾക്കായി റോബോട്ടിക്സ്, അനിമേഷൻ. ഗെയിം എന്നിവയുടെ പ്രദർശനം | ജനുവരി | ലിറ്റിൽ കൈറ്റിലെകുട്ടികൾ , കൈറ്റ് മെന്റേഴ്സ്, | - |

| | | | | | |
|---|---|---|---|---|---|
| | | | | SITC,PSITC | |
| 11 | ഐടി മേളയിലെ പ്രാതിനിധ്യം | ഐടി മേഖലയിലെ മത്സരയിനങ്ങൾ പൂർവ്വ വിദ്യാർത്ഥികളെ കൂടി കൂട്ടിച്ചേർത്ത് പരിശീലനം നൽകുന്നു | വർഷം മുഴുവൻ | ലിറ്റിൽ കൈറ്റിലെകുട്ടികൾ , കൈറ്റ് മെന്റേഴ്സ്,SITC,PS ITC | - |

# ഗവൺമെൻറ് എച്ച്എസ്എസ് ചവറ ആരോഗ്യ കായിക വിദ്യാഭ്യാസം
## വാർഷിക പദ്ധതി 2025-26

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികൾക്ക് ശാരീരികമായി മാനസികമായും ഉന്മേഷം ഉണ്ടാക്കാൻ | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയ ശ്വസനക്ഷമത വർദ്ധിപ്പിക്കുന്നതിനും കായിക ശേഷി വർദ്ധിപ്പിക്കുന്നതിന് വേണ്ടി സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയ ശ്വസനക്ഷമത വർദ്ധിപ്പിക്കുന്നതിനും കായിക ശേഷി വർദ്ധിപ്പിക്കുന്നതിന് വേണ്ടി | ജൂൺ - ജനുവരി | കായികാധ്യാപക ക്ലാസ് അധ്യാപകൻ | |
| 2 | വിവിധ കായിക മത്സരങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുക | മത്സരങ്ങളുടെ പരിശീലനം കളികൾ ഫുട്ബോൾ ഖോ -ഖോ ബാഡ്മിൻ വോളിബോൾ | ജൂലൈ ജനുവരി | കായികാധ്യാപിക | |
| 3 | മാനസിക സമ്മർദ്ദം കുറയ്ക്കാൻ വേണ്ടി | യോഗ പരിശീലനം | ജൂൺ ആഗസ്റ്റ് | കായികാധ്യാപിക | PTA |
| 4 | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മറ്റു കുട്ടികളോടൊപ്പം തന്നെ പരിശീലിപ്പിക്കാൻ അവസരം നൽകുന്നു | കുട്ടികളുടെ ശാരീരിക മാനസിക പരിമിതികൾ പരിഗണിച്ചുകൊണ്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു.<br><br>CWSN/160 ക്ലാസിലെ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് മറ്റു കുട്ടികൾക്ക് ഉത്തരവാദിത്വം കൊടുക്കുന്നു | അക്കാദമിക വർഷം | എല്ലാ അധ്യാപകരും | |
| | CWSN കുട്ടികൾക്ക് മാനസികൊല്ലാസം ലഭ്യമാക്കാൻ | ലഘു വ്യായാമങ്ങൾ നൽകുന്നു | അക്കാദമിക വർഷം | കായികഅധ്യാപിക മറ്റ് അധ്യാപകർ | |

# കലാപഠനം

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കലാസംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കുക | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ചിത്രകലയുടെ വിവിധ രീതികൾ പരിചയപ്പെടുത്തുന്നു. ചിത്രത്തിൽ നിഴലും വെളിച്ചവും എങ്ങനെ വരച്ചു ചേർക്കാം എന്ന് മനസ്സിലാക്കിക്കൊടുക്കുന്നു | ജൂൺ ജൂലൈ | കലാ അദ്ധ്യാപകർ | |
| 2 | ചിത്രപ്രദർശനം | ദിനാചരണവുമായി ബന്ധപ്പെട്ട് കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം | അക്കാദമിക വർഷം | കലാഅദ്ധ്യാപകനും മറ്റെല്ലാ അദ്ധ്യാപകരും | |
| | | | | | |
| | | | | | |

# വിഷൻ 2025-'26

| നം. | പ്രവർത്തനങ്ങൾ | പ്രതീക്ഷിക്കുന്ന തുക | സാമ്പത്തികം |
|---|---|---|---|
| 1. | ഒ.എൻ.വി.ഗ്രന്ഥശാല | 10 ലക്ഷം | ജില്ലാപഞ്ചായത്ത് |
| 2. | സ്കൂൾ മതിലും പ്രവേശന കവാടവും | 25 ലക്ഷം | ജില്ലാ പഞ്ചായത്ത് |
| 3. | Hi tech ക്ലാസ് മുറി | 3 ലക്ഷം | MLA ഫണ്ട് |
| 4. | ഓഡിറ്റോറിയം | 1 കോടി | MLA ഫണ്ട് |
| 5. | ആർട്ട് ഗ്യാലറി | 9 ലക്ഷം | ജില്ലാപഞ്ചായത്ത് |
| 6. | പ്ലാനറ്റോറിയം | 6 ലക്ഷം | ബ്ലോക്ക് പഞ്ചായത്ത് |
| 7. | ഓഗ്മെന്റ് റിയാലിറ്റി ലാബ് | 6 ലക്ഷം | KMML CRF FUND |
| 8. | School Band Troop | 2 ലക്ഷം | പ്രാദേശിക ഫണ്ട് |
| 9. | അടുക്കള, ഡൈനിംഗ് ഹാൾ | 20 ലക്ഷം | ബ്ലോക്ക് പഞ്ചായത്ത് |
| 10. | Biogas plant | 2 ലക്ഷം | ബ്ലോക്ക് പഞ്ചായത്ത് |

കുട്ടികളുടെ ഭാഷാപരവും, ശാസ്ത്രപരവും, മാനസിക-ശാരീരിക വികാസം ഉദ്ദേശിച്ചും ഒരു വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ സംഗ്രഹമാണ് ഈ അക്കാദമിക് പ്ലാനിലുള്ളത്. സ്കൂളിലെ മുഴുവൻ കുട്ടികളുടെയും മികവ് ലക്ഷ്യം വച്ചുകൊണ്ടുള്ള പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. സമഗ്ര-ഗുണമേൻമ പദ്ധതിയുടെ ഭാഗമായി നടക്കേണ്ട പ്രവർത്തനങ്ങളും ഇതിലുൾപ്പെടുന്നുണ്ട്. കുട്ടികളുടെ ഭാവി നിർണ്ണയിക്കപ്പെടുന്നത് ക്ലാസ്സ് മുറികളിലാണെന്ന ആശയം അന്വർഥമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഓരോ വിഷയവുമായി ബന്ധപ്പെടുത്തി അധ്യാപകർ ക്രമീകരിച്ചിരിക്കുന്നത്. ഒരു അക്കാദമിക വർഷം ആർജ്ജിക്കേണ്ട എല്ലാ ശേഷികളും, മികവുകളും ഇതിലൂടെ ഓരോ കുട്ടിക്കും നേടാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു...